**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3726** **26-10-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീര സംഘം ജീവനക്കാരുടെ പെൻഷൻ ബോർഡ് അംഗത്വം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ പെൻഷൻ ബോർഡ് അംഗത്വമുള്ള എത്ര ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്; ഈ സംഘങ്ങൾ മുഖേന എത്ര ജീവനക്കാരെ ബോർഡിൽ അംഗങ്ങൾ ആക്കിയിട്ടുണ്ട്; | (എ) | ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾക്ക് സഹകരണ പെൻഷൻ ബോർഡിൽ അംഗത്വം നൽകുന്നില്ല. ക്ഷീരോൽപ്പാദക സംഘങ്ങളിലെ ജീവനക്കാർക്ക് സഹകരണ പെൻഷൻ ബോർഡിൽ അംഗത്വം എടുക്കാവുന്നതാണ്. ജീവനക്കാർ സംഘത്തിന്റെ അനുമതിയോടെയാണ് സഹകരണ പെൻഷൻ ബോർഡിൽ അംഗമാവുന്നത്. |
| (ബി) | ക്ഷീര സംഘം ജീവനക്കാരുടെ പെൻഷൻ ബോർഡ് അംഗത്വം വർദ്ധിപ്പിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | ക്ഷീര സംഘം ജീവനക്കാരുടെ പെൻഷൻ ബോർഡ് അംഗത്വം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരസംഘങ്ങൾ മുഖേന പ്രചരണ പരിപാടികൾ നടത്തിവരുന്നുണ്ട്. |
| (സി) | ക്ഷീര സംഘം ജീവനക്കാരുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ക്ഷീര വകുപ്പിൽ നിന്ന് ഉദ്യോഗസ്ഥരെ പെൻഷൻ ബോർഡിൽ നിയമിക്കുന്നത് പരിഗണിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ